# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2599** — **09/03/2017** -ലെ മറുപടി

# കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം.വിൻസെന്റ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കോവളം നിയോജകമണ്ഡലത്തിലെ വെങ്ങാനൂർ, കല്ലിയൂർ, തിരുവല്ലം പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിയ്ക്കായി അറുപത്തി നാല് കോടി രൂപ ചെലവഴിച്ചുവെങ്കിലും വെങ്ങാനൂർ പ്രദേശത്ത് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്.<br>ഈ മേഖലയുടെ കീഴിലുള്ള വെങ്ങാനൂർ, കല്ലിയൂർ പഞ്ചായത്തുകൾക്കും വിഴിഞ്ഞം കോർപ്പറേഷൻ ഏരിയക്കും വേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി കല്ലിയൂർ വെങ്ങാനൂർ പഞ്ചായത്തുകളിൽ ഉപരിതല ജലസംഭരണികളുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും അവയിൽ നിന്നുള്ള ശുദ്ധജലം നിലവിലുള്ള ജലവിതരണശൃംഖല വഴി വിതരണം നടത്തിവരികയുമാണ്. ഈ പദ്ധതിയിലെ ജലസംഭരണിയിൽ നിന്നും പൂർണ്ണമായും ജലവിതരണം നടത്തുന്നതിനായി നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പുതിയ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ബി) | വെങ്ങാനൂർ പഞ്ചായത്തിലെ വെണ്ണിയൂർ വാട്ടർ സപ്ലൈ സ്കീമിലെ കിണറ്റിലെ മാലിന്യം നീക്കം ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | വെങ്ങാനൂർ പഞ്ചായത്തിലെ വാട്ടർസപ്ലൈ സ്കീമിന്റെ ജലസ്രോതസ്സ് വെണ്ണിയൂർ പമ്പ് ഹൗസ് ക്യാമ്പസിലുള്ള പ്രകൃതിദത്തമായ ഒരു ഉറവയാണ്. പ്രസ്തുത വാട്ടർ സപ്ലൈ സ്കീമിൽ നിലവിലുണ്ടായിരുന്ന രണ്ട് കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം മോശമായതിനാൽ ഉപേക്ഷിക്കുകയും ഈ കിണറുകൾ ഭാഗികമായി മണ്ണിട്ട് നികത്തി മുകൾഭാഗം കോൺക്രീറ്റ് സ്ലാബ് കൊണ്ട് പ്ലഗ്ഗ് ചെയ്തിരിക്കുകയുമാണ്. നിലവിൽ ഈ പദ്ധതിക്കായി പുതിയ കിണർ നിർമ്മിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വെങ്ങാനൂർ പഞ്ചായത്തിലെ നെല്ലിവിള യിലും വിഴിഞ്ഞത്തും കളക്ഷൻ സെന്ററു കൾ പുന:സ്ഥാപിച്ച് മാസത്തിൽ രണ്ട് ദിവസമെങ്കിലും പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

JSK/